# കേരള കാർഷിക സർവകലാശാല

## <u>കംപ്ട്രോളറുടെ നടപടിക്രമം</u>

കേരള കാർഷിക സർവ്വകലാശാല-ഇ.എസ്- ക്ലാസ് ഫോർ ജീവനക്കാരുടെയും പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെയും പെൺമക്കളുടെ വിവാഹത്തിന് വായ്പ അനുവദിക്കുന്ന പദ്ധതി- വായ്പാതുക വർദ്ധിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് – ഭരണസമിതി തീരുമാനപ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ ക്ലാസ്സ്ഫോർ ജീവനക്കാർക്ക് ബാധകമാക്കി നടപ്പിലാക്കി ഉത്തരവാകുന്നു.

---

**ധനകാര്യ വിഭാഗം**

നം.കെഎയുഫിൻ/2534/2023-ഫിൻ ഇഎസ് ബി3 വെള്ളാനിക്കര, തീയതി21-02-2024

---

പരാമർശം: 1. 01/08/2023 തീയതിയിലെ (അച്ചടി) 82/2023/ ധന.നം.പ്രകാരമുള്ള സർക്കാർ ഉത്തരവ്.
2. 12/02/2024 തീയതിയിലെ കെഎയുജിഎ/ 1034/2024- ജിഎ-ജി2(10/24) നം. കത്ത്

**<u>ഉത്തരവ്</u>**

ക്ലാസ് ഫോർ ജീവനക്കാരുടെയും പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെയും പെൺമക്കളുടെ വിവാഹത്തിന് അനുവദിക്കുന്ന വിവാഹ ധനസഹായ വായ്പയുടെ പരിധി യഥാക്രമം നിലവിലുള്ള 1,50,000/-, 1,00,000/- രൂപയിൽ നിന്നും യഥാക്രമം 3,00,000/-, 1,50,000/- രൂപയായി ഉയർത്തി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് കേരള കാർഷിക സർവ്വകലാശാലയിലെ ക്ലാസ്സ്ഫോർ ജീവനക്കാർക്കും ബാധകമാക്കാനും ആയത് സർവ്വകലാശാലയിൽ ഉത്തരവാകുന്ന തീയതി മുതൽ നടപ്പിലാക്കുന്നതിനും 31-01-2024 തീയതിയിൽ ചേർന്ന 616-ാം മത് ഭരണസമിതി യോഗത്തിൽ (പരാമർശം 2) തീരുമാനമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ ക്ലാസ് ഫോർ ജീവനക്കാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് അനുവദിക്കുന്ന വിവാഹ ധനസഹായ പദ്ധതിയുടെ പരിധി നിലവിലുള്ള 1,50,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

വായ്പ അനുവദിക്കുന്നതിനുള്ള യോഗ്യത, തിരിച്ചടവ് സംബന്ധമായ ചട്ടങ്ങൾ, വായ്പ അനുവദിക്കുന്ന രീതി, കണക്കുകൾ സംബന്ധമായ നിർദ്ദേശങ്ങൾ എന്നിവ നിലവിലുള്ളതു പ്രകാരം ആയിരിക്കും. സർക്കാർ ഉത്തരവ് കേരള കാർഷിക സർവകലാശാലയിൽ നടപ്പിലാക്കിയ ഈ ഉത്തരവ് തീയതി മുതൽ ഇതുപ്രകാരമുള്ള വായ്പാ തുക അനുവദിക്കുന്നതിനു പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**ഭരണസമിതി തീരുമാനപ്രകാരം**

**കംപ്ട്രോളർ**

സ്വീകർത്താവ്

1. കേരള കാർഷിക സർവകലാശാലയിലെ എല്ലാ ഡ്രോയിങ്ങ് & ഡിസ്ബേർസിംഗ് ഓഫീസർമാർക്കും
2. കേരള കാർഷിക സർവകലാശാലയിലെ എല്ലാ ഓഫീസ് മേധാവികൾക്കും
3. ജോയിന്റ് ഡയറക്ടർ (കെ എസ് എ ഡി), കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര
4. അനൗൺസ്

പകർപ്പ്:

വൈസ് ചാൻസലറുടെ പി എസ്വൈസ് ചാൻസലറുടെ പി എ/ കംപ്ട്രോളറുടെ പി എ/ രജിസ്ട്രാറുടെ പി എ/സ്റ്റേനോ ട്ടു റിസർച്ച്സീനിയർ ഡെപ്യൂട്ടി കംപ്ട്രോളർ (ബി & പി) / ജോയിന്റ് രജിസ്ട്രാർ (ഭരണം)/ ഡെപ്യൂട്ടി

കംപ്ട്രോളർ (പി & എൽ) / ഡെപ്യൂട്ടി കംപ്ട്രോളർ ഐ എ സി (സി ആർ) / ഡെപ്യൂട്ടി കംപ്ട്രോളർ ഐ എ സി (എൻ ആർ) /അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ടു ഡയറക്ടേറ്റ് ഓഫ് റിസർച്ച് അസിസ്റ്റന്റ് കംപ്ട്രോളർ(ബി&എം)/ അസിസ്റ്റന്റ് കംപ്ട്രോളർ(ഡിഡി&എ)/ അസിസ്റ്റന്റ് കംപ്ട്രോളർ ഐ എ സി (എസ് ആർ) / അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം 1) / അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം 2)/പൂൾ ഓഫീസർ/റിക്രൂട്ട്മെന്റ് ഓഫീസർ/ലേബർ ഓഫീസർ/കരുതൽ ശേഖരം മിച്ചം.

Ubd*4

Signed by
K Madan Kumar
Date: 21-02-2024 09:29:18